## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **27.02.2018 ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 432**

### പരിസ്ഥിതി സൗഹൃദരീതിയിൽ നിക്ഷേപക സംസ്ഥാനമാക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എം. ഉമ്മർ** | | **ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കേരളത്തെ പരിസ്ഥിതി സൗഹൃദരീതി യിൽ നിക്ഷേപക സംസ്ഥാനമാക്കു ന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പരിസ്ഥിതിക്ക് സൗഹൃദരീതിയിൽ വ്യാവസായിക പുരോഗതി കൈവരു ത്തുന്നതിനും അഭ്യസ്തവിദ്യരായ യുവതലമുറ യുടെ പ്രതീക്ഷകൾക്ക് അനുസരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ സാമ്പത്തിക വളർച്ചയുമാണ് സർക്കാർ ലക്ഷ്യം വെക്കുന്നത്. പരിസ്ഥിതി സൗഹൃദവും പ്രകൃതി വിഭവങ്ങളുടെ സന്തുലിതവുമായ ഉപഭോഗത്തിലൂടെ പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ഗ്രാമീണ മേഖലയിൽ സൂക്ഷ്മ – ചെറുകിട – ഇടത്തര സംരംഭങ്ങൾ ആരംഭിക്കുന്ന നടപടികൾ തുടങ്ങി.<br>വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസാ യികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ് സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, നൈപുണ്യ വികസന പദ്ധതി (Skill Development Programme) തുടങ്ങിയ പദ്ധതികൾ നടത്തിവരുന്നു.<br>വ്യവസായസംരംഭങ്ങൾ ആരംഭിക്കു ന്നതിനാവശ്യമായ ഭൂമി ദൗർലഭ്യം കണക്കിലെടുത്ത് വ്യവസായവകുപ്പ് ബഹു നില വ്യവസായ സമുച്ചയങ്ങൾ (GALA) നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആരംഭി ച്ചിട്ടുണ്ട്. സംരംഭങ്ങളുടെ പ്രവർത്തനത്തിനാ |

| | | | |
|---|---|---|---|
| | | | വശ്യമായ വൈദ്യുതി, ജലം എന്നിവ സർക്കാർ ലഭ്യമാക്കും. കൊച്ചിൻ റിഫൈനറിയുടെ വികസനപദ്ധതിയിലൂടെ ലഭ്യമാകുന്ന ഉല്പന്നങ്ങൾ ഉപയോഗിച്ച് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കു വാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. |
| **(ബി)** | പ്രസ്തുത വിഷയം സംബന്ധിച്ച് പ്രത്യേക നിയമനിർമ്മാണം നടത്താനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | **(ബി) & (സി)** | നിലവിലുള്ള വ്യവസായങ്ങളെ പരിപോഷിപ്പിച്ചും പൊതു-സ്വകാര്യ മേഖലകളിൽ ആധുനിക വ്യവസായ സംരംഭങ്ങൾ ആരംഭിച്ചും കേരളത്തെ സമ്പൂർണ്ണ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കാനുള്ള ഫലപ്രദവും ക്രിയാത്മകവുമായ നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. നടപടിക്രമങ്ങൾ ലഘൂകരിച്ചും, വിവിധ വകുപ്പുകളിലായി നിലനിൽക്കുന്ന പല ചട്ടങ്ങളും നിയമങ്ങളും കാലാനുസൃതമായി പരിഷ്കരിക്കുന്നതുവഴി കേരളത്തിൽ വ്യവസായം അനായാസം നടത്താൻ പറ്റുന്ന പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനു വേണ്ടിയാണ് ഇതു സംബന്ധിച്ച് പഠനം നടത്തുകയും അപ്രകാരം ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഉന്നതതല ചർച്ചകൾക്ക് ശേഷം സർക്കാർ നിർദ്ദേശങ്ങൾ അംഗീകരിക്കുകയും അതിന്റെ ഭാഗമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പദ്ധതി പ്രകാരം കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് 2018 വിജ്ഞാപനം ചെയ്യുകയുണ്ടായി. ഇത് നിയമസഭയിൽ ബില്ലായി അവതരിപ്പിച്ചിട്ടുണ്ട്. |
| **(സി)** | ഒരു ഏകീകൃതനിയമനിർമ്മാണം ഇതു മായി ബന്ധപ്പെട്ട് സാധ്യമാണോ എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ? | | |

Bindu. T

**സെക്ഷൻ ഓഫീസർ**